(സി) പ്രധാനപ്പെട്ട എല്ലാ വിനോദ സഞ്ചാര കേന്ദ്രങ്ങളിലും, അപകട സാധ്യതയുള്ള നദികൾ, ആറുകൾ, തടാകങ്ങൾ, കുളങ്ങൾ, ശബരിമല ഇടത്താവളങ്ങൾ എന്നിവിടങ്ങളിലും സുരക്ഷാ ബോർഡുകൾ സ്ഥാപിച്ചിട്ടുണ്ട്. പരിസരവാസികളുടെ സഹകരണത്തോടെ വിനോദയാത്രക്കാർക്ക് മുന്നറിയിപ്പും ബോധവൽക്കരണവും നൽകുകയും, സുരക്ഷാ ഗാർഡുകളെ നിയോഗിക്കുകയും ചെയ്തിട്ടുണ്ട്. ജനമൈത്രി പോലീസ് സംവിധാനം, സ്റ്റുഡന്റ് പോലീസ് കേഡറ്റ് എന്നിവയിലൂടെ വിദ്യാർത്ഥികൾക്കും ചെറുപ്പക്കാർക്കും ഇത്തരം അപകട സാധ്യതകളെക്കുറിച്ച് ബോധവൽക്കരണം നടത്തുന്നുണ്ട്.

വിജിലൻസ് കേസുകളിലെ കാര്യക്ഷമത

13 (*733) ശ്രീ. ജോസഫ് വാഴക്കൻ :
ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ :
ശ്രീ. ബെന്നി ബെഹനാൻ :
ശ്രീ. കെ. അച്ചുതൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വിജിലൻസ് കേസ്സുകൾ സമയബന്ധിതമായി പൂർത്തിയാക്കാൻ എന്തെല്ലാം കർമ്മപരിപാടികളാണ് ആസൂത്രണം ചെയ്തിരിക്കുന്നത് ; വിശദമാക്കുമോ ;

(ബി) ഇതിനായി നിയമഭേദഗതി വരുത്തുന്ന കാര്യം പരിഗണനയിലുണ്ടോ ; വിശദാംശങ്ങൾ എന്തെല്ലാം ;

(സി) കേസ്സുകൾ സമയബന്ധിതമായി പൂർത്തിയാക്കാൻ പുതിയ വിജിലൻസ് കോടതികളും ഹൈക്കോടതിയിൽ സ്പെഷ്യൽ ബഞ്ച് എന്നിവയും ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ ; വിശദമാക്കുമോ ;

(ഡി) ഇതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ; വിശദാംശങ്ങൾ വ്യക്തമാക്കുമോ ?

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (ശ്രീ. രമേശ് ചെന്നിത്തല) :

(എ&ബി) വിജിലൻസ് കേസ്സുകൾ സമയബന്ധിതമായി പൂർത്തിയാക്കുന്നതിനായി അന്വേഷണ ഉദ്യോഗസ്ഥന്മാർക്ക് സമയപരിധി നിശ്ചയിച്ച് നൽകുകയും കേസുകളുടെ പുരോഗതി വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ പോലീസ് സൂപ്രണ്ടുമാരും മറ്റ് മേൽ ഉദ്യോഗസ്ഥന്മാരുമായും അവലോകനം നടത്തിവരുകയും ചെയ്യുന്നു. അതിന്റെ ഭാഗമായി പഴയ കേസുകളുടെ അന്വേഷണം ധൃതഗതിയിൽ പൂർത്തീകരിച്ച് വരുന്നുണ്ട്. കേസുകളുടെ അന്വേഷണം വേഗത്തിൽ പൂർത്തീകരിക്കുന്നതിനായി കേസ് അന്വേഷിക്കുന്ന ഉദ്യോഗസ്ഥർക്ക് അതിനാവശ്യമായ സംവിധാനങ്ങൾ നൽകുന്നതിനായുള്ള നടപടികളും സ്വീകരിച്ചുവരുന്നുണ്ട്. ഈ സാഹചര്യത്തിൽ നിയമഭേദഗതി വരുത്തുന്ന കാര്യം പരിഗണനയിലില്ല.

483/2016

LIBRARY ARCHIVES Kerala Legislative Assembly

(സി&ഡി) വിജിലൻസ് കോടതികളിൽ ഓരോവർഷവും തീർപ്പാക്കാൻ കഴിയുന്ന കേസുകളുടെ എണ്ണം പരിമിതമാണെന്ന വസ്തുത കണക്കിലെടുത്തു കൊണ്ട് 2 പുതിയ വിജിലൻസ് കോടതികൾ കൂടി അനുവദിക്കുന്നത് സംബന്ധിച്ച വിഷയം സർക്കാരിന്റെ സജീവ പരിഗണനയിലാണ്. വിജിലൻസ് കേസുകൾ മാത്രം കൈകാര്യം ചെയ്യാനായി ഹൈക്കോടതിയിൽ ഗവൺമെന്റ് പ്ലീഡർമാരെ നിയമിക്കുന്നത് സംബന്ധിച്ച വിഷയവും പരിഗണനയിലാണ്. കൂടാതെ ഹൈക്കോടതി മുൻപാകെ വരുന്ന വിജിലൻസുമായി ബന്ധപ്പെട്ട അപ്പീൽ കേസുകളിൽ താമസംവിനാ തീർപ്പുകൽപ്പിക്കുന്നതിനായി ഒരു പ്രത്യേക ബഞ്ച് രൂപീകരിക്കുന്നതിനുള്ള ചർച്ചകളും അഡ്വക്കേറ്റ് ജനറലുമായി നടത്തിവരുന്നു.

കടുവാ സങ്കേതങ്ങളുടെ വിവരാധിഷ്ഠിത സാങ്കേതിക വികസനം

14 (*734) ശ്രീ. കെ. വി. വിജയദാസ് :
ശ്രീ. കെ. കെ. ജയചന്ദ്രൻ :
ശ്രീ. വി. ചെന്താമരാക്ഷൻ :
ശ്രീ. എസ്. രാജേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പെരിയാർ, പറമ്പിക്കുളം കടുവാസങ്കേതങ്ങളുടെ വിവരാധിഷ്ഠിത സാങ്കേതിക വികസനത്തിനായി നൂതന പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കുമെന്ന് പ്രഖ്യാപിച്ചിട്ടുണ്ടോ ; വിശദമാക്കുമോ ;

(ബി) പദ്ധതിക്ക് രൂപം നൽകിയതാരാണ് ; പദ്ധതി സംസ്ഥാന സർക്കാർ അംഗീകരിച്ചിട്ടുണ്ടോ ; പദ്ധതിക്ക് എന്തു തുക ചെലവ് പ്രതീക്ഷിക്കുന്നു ;

(സി) ബഡ്ജറ്റിൽ നീക്കിവച്ച തുകയിൽ എത്ര ശതമാനം ഇതിനകം ചെലവഴിക്കുകയുണ്ടായി ;

(ഡി) പദ്ധതിയുടെ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ ; പദ്ധതിക്ക് കേന്ദ്രസഹായം ഉറപ്പാക്കിയിട്ടുണ്ടോ ?

വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ) :

(എ) ഉണ്ട്. പെരിയാർ, പറമ്പിക്കുളം കടുവാ സങ്കേതങ്ങൾക്ക് അധിക സഹായം ഉറപ്പുവരുത്തുന്നതിനായി 10 കോടി രൂപ സംസ്ഥാന ബഡ്ജറ്റിൽ ഒറ്റത്തവണ ധനസഹായം പ്രഖ്യാപിച്ചിട്ടുണ്ട്. വിവരവിനിമയ സാങ്കേതിക വിദ്യയിലൂന്നിയ വന്യജീവി സംരക്ഷണ പ്രവർത്തനങ്ങൾക്കും, ജി.ഐ.എസ്. ഡാറ്റാബേസ് വികസിപ്പിക്കുന്നതിനും, ആധുനിക ഇൻഫർമേഷൻ സെന്ററുകളും മറ്റ് അവശ്യ അടിസ്ഥാന സൗകര്യ വികസനവും ലക്ഷ്യമിടുന്നതാണ് നിർദ്ദിഷ്ട പദ്ധതി.

LIBRARY ARCHIVES Kerala Legislative Assembly